## സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

(ഹാജർ- ശ്രീമതി അനുപമ ടി.വി IAS, വനിത ശിശുവികസന ഡയറക്ടർ)

വിഷയം :- വനിത ശിശുവികസന വകുപ്പ് - ICPS - കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥരായ കുട്ടികൾക്കുള്ള ധനസഹായം നൽകുന്ന പദ്ധതി - ആവശ്യമായ തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1) സ.ഉ (കൈ) നം. 18/2021/സാ.നീ.വ തീയതി 20.06.2021.
2) സ.ഉ (കൈ) നം. 1/2021/ഡബ്ല്യൂ.സി.ഡി.ഡി തീയതി 17.08.2021.
3) ഈ കാര്യാലയത്തിലെ 31.08.2021 ലെ ഐ.സി.പി.എസ് 4(എ)/1602/2021 നമ്പർ സർക്കുലർ.
4) ഡി.സി.പി.ഒ യുടെ 18.10.2021 ലെ DCPU/T/419/21 നമ്പർ കത്ത്.
5) ഈ കാര്യാലയത്തിലെ ഇതേ ഉത്തരവ് നമ്പർ തീയതി 15.09.2021

## ഉത്തരവ് നമ്പർ – ICPS-7-16956-2021 തീയതി : 22.11.2021

കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെടുകയും കുട്ടികൾ അനാഥരാകുകയും അതോടൊപ്പം നേരത്തെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും ശേഷിച്ച ആൾ ഇപ്പോൾ കോവിഡ് മൂലം മരണപ്പെട്ട് രക്ഷിതാക്കൾ പൂർണ്ണമായും നഷ്ടപ്പെട്ടതുമായ എല്ലാ കുട്ടികൾക്കും പരാമർശം(1) പ്രകാരം സർക്കാർ ധനസഹായത്തിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം കുട്ടികൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവായിരുന്നു.

പദ്ധതി പ്രകാരം കുട്ടികൾക്ക് ഒറ്റ തവണയായി 3 ലക്ഷം രൂപയും ഫിക്സഡ് ഡെപ്പോസിറ്റായി 18 വയസ്സിന് ശേഷം പിൻവലിക്കാവുന്ന തരത്തിൽ അനുവദിക്കുന്നതിനോടൊപ്പം പ്രതിമാസമായി 2000 രൂപ വീതം 18 വയസ്സ് പൂർത്തിയാകുന്നതുവരെ അനുവദിക്കുന്നു. പരാമർശം (3) പ്രകാരം ബാൽ സ്വരാജ്, പി.എം. കെയർ എന്നിവിടങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള കുട്ടികളുടെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടിയെ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശിച്ചിരുന്നു. കണ്ണൂർ ജില്ലയിൽ നിലവിൽ പി.എം. കെയർ പോർട്ടലിൽ രജിസ്റ്റർ ചെയ്തതും ജില്ലാ കളക്ടർ അംഗീകരിച്ചതുമായ 02 കുട്ടികൾക്ക് അടിയന്തിരമായി തുക അനുവദിക്കുന്നതിനു പരാമർശം(4) പ്രകാരം ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്. പരാമർശം (5) പ്രകാരം സംസ്ഥാനത്തിൽ ടി പദ്ധതി പ്രകാരം ആകെ 54 കുട്ടികൾക്ക് തുക അനുവദിച്ചിരുന്നു.

ടി സാഹചര്യത്തിൽ ആദ്യഘട്ടമായി പി.എം കെയർ പോർട്ടലിൽ രജിസ്റ്റർ ചെയ്തതും ജില്ലാ മജിസ്ട്രേറ്റ് അംഗീകരിച്ചതുമായ 2 കുട്ടികൾക്ക് ഫിക്സഡ് ഡെപ്പോസിറ്റായി 3 ലക്ഷം രൂപയും 3 മാസത്തേക്ക് 2000 രൂപ നിരക്കിൽ 6000 രൂപയും ചേർത്ത് 3,06,000/- രൂപയും ഉൾപ്പെടെ 6,12,000/- (ആറ് ലക്ഷത്തി പന്ത്രണ്ടായിരം രൂപ മാത്രം) ബന്ധപ്പെട്ട ജില്ലാ വനിത ശിശുവികസന ഓഫീസർക്ക് ചുവടെ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| Sl. No. | District | AS per Balswaraj | Approved by DM | FD Rs 3 Lakh/ Children | Monthly Rs 2000/- Children for 3 months | Total |
|---|---|---|---|---|---|---|
| 1 | Kannur | 02 | 02 | 6,00000 | 12000 | 6,12,000/- |

ടി തുക 6,12,000/- (ആറ് ലക്ഷത്തി പന്ത്രണ്ടായിരം രൂപ മാത്രം) കണ്ണൂർ ജില്ലാ വനിത ശിശുവികസന ഓഫീസർ കണ്ണൂർ ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് കൈമാറേണ്ടതും പരാമർശം (3) നിർദ്ദേശിക്കും പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ അടിയന്തിരമായി ടി പദ്ധതി പ്രകാരം ധന സഹായത്തിന് അർഹരായ മറ്റ് കുട്ടികളെ കണ്ടെത്തേണ്ടതും ആയതിന് ആവശ്യമായ തുകയ്ക്കുള്ള പ്രൊപ്പോസൽ നിർദ്ദിഷ്ട പ്രൊഫോർമയിൽ ലഭ്യമാക്കേണ്ടതുമാണ്. ആവശ്യപ്പെട്ടുമ്പോൾ അനുവദിച്ച തുക കുറവ് ചെയ്തിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതുമാണ്.

ഇതിലേയ്ക്കാവശ്യമായ തുക കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥരായ കുട്ടികൾക്കുള്ള ധന സഹായത്തിനായി നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-23 (NP) എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ഫണ്ടിൽ നിന്നും അനുവദിക്കേണ്ടതുമാണ്.

**(ഒപ്പ്)**
**വനിത ശിശുവികസന ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി (എസ്.സി.പി.എസ്)**

പകർപ്പ്

1. സൂപ്രണ്ട് (എ) സെക്ഷൻ
2. വനിത ശിശു വികസന ഓഫീസർ, കണ്ണൂർ
3. ജില്ലാ ശിശു സംരക്ഷണ ഓഫീസർ, കണ്ണൂർ
4. ഐ.സി.പി.എസ് – 7
5. വെബ്സൈറ്റ്
6. സ്പെയർ കോപ്പി

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM-12
WOMEN & CHILD DEVELOPMENT DEPARTMENT